# വട്ടംകുളം ഗ്രാമപഞ്ചായത്ത്

## വാർഡ്- 2(കടുങ്ങാക്കുന്ന്)  സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**(2018-2019  സാമ്പത്തികവർഷത്തിൽ 2018 ഒക്ടോബർ 1 മുതൽ 2019 മാർച്ച് 11 വരെ നടന്നിട്ടുള്ള പ്രവർത്തികളുടെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്-കരട്)**

**തയ്യാറാക്കിയത് : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ മലപ്പുറം ജില്ലായൂണിറ്റ് /പൊന്നാനി ബ്ലോക്ക്**

## സമർപ്പണം : 2-ാം വാർഡ് ഗ്രാമസഭ മുൻപാകെ

തൊഴിലുറപ്പ് പദ്ധതിയിൽ ആറുമാസത്തിലൊരിക്കൽ നടന്നിരിക്കേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി വട്ടംകുളം ഗ്രാമ പഞ്ചായത്തിലെ 2-ാംവാർഡിൽ നടത്തിയ 2018-2019 വർഷത്തിലെ ഒക്ടോബർ 1-മുതൽ മാർച്ച് -11 വരെയുള്ള കാലഘട്ടത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളുടെ സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർട്ട് ആണിത്. കൂടുതൽ ചർച്ചകൾക്കും വിലയിരുത്തലിനും ഗ്രാമസഭയുടെ അംഗീകാരത്തിനുമായി ഗ്രാമസഭയുടെ മുൻപിൽ സമർപ്പിക്കുന്നു.

## ആമുഖം

ഗ്രാമീണമേഖലയിലെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി 2005 സെപ്റ്റംബർ 5 പാർലമെൻറ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പാസ്സാക്കി. സ്ത്രീക്കും പുരുഷനും തുല്യ വേതനം ഉറപ്പു വരുത്തുന്നു എന്നതാണ് പദ്ധതിയുടെ ഏറ്റവും വലിയ സവിശേഷത

മലപ്പുറം ജില്ലയിലെ പൊന്നാനി ബ്ലോക്കിൽ പെട്ട വട്ടംകുളം ഗ്രാമപഞ്ചായത്ത് 2084 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ളതാണ്. വടക്ക് ആനക്കര പഞ്ചായത്ത്,കിഴക്ക് കപൂർ ഗ്രാമ പഞ്ചായത്തും പടിഞ്ഞാറ് എടപ്പാൾ ഗ്രാമ പഞ്ചായത്തും തെക്കുഭാഗത്ത് കാലടി ഗ്രാമപഞ്ചായത്തും സ്ഥിതി ചെയ്യുന്നു. 2011 സെൻസസ് പ്രകാരം 36205 പേർ ജീവിക്കുന്ന ഈ ഗ്രാമപഞ്ചായത്തിൽ 18160 പേർ സ്ത്രീകളും 18045 പേർ പുരുഷന്മാരുമാണ്. ആകെ 19 വാർഡുകളാണ് വട്ടംകുളം ഗ്രാമപഞ്ചായത്ത് ഉള്ളത്.2-ാം വാർഡ് ആയ **കടുങ്ങാക്കുന്നാണ്** സോഷ്യൽ ഓഡിറ്റിങ്ങ്നായി തെരഞ്ഞെടുത്തത്.വാർഡ് പൊതുവേ ജനവാസ കേന്ദ്രങ്ങളായ ചെറിയ കുന്നുകളും ചെങ്കുത്തായ താഴ്വരകളും നിറഞ്ഞതാണ്. പ്രധാന കാർഷിക വിള തെങ്ങാണ്. കൂടാതെ കപ്പ,കുരുമുളക്,അടക്ക എന്നിവ വലിയതോതിൽ ഉല്പാദിപ്പിക്കുന്നു.

## രീതിശാസ്ത്രം

വട്ടംകുളം ഗ്രാമപഞ്ചായത്തിലെ 2-വാർഡായ കടുങ്ങാക്കുന്ന് സോഷ്യൽ ഓഡിറ്റിങ് പ്രക്രിയയുടെ ഭാഗമായി 2019 ഒക്ടോബർ 3 മുതൽ ഒക്ടോബർ 10 വരെ ഫയൽ പരിശോധനയും ഫീൽഡ് തല പരിശോധനയും നടന്നു. 2018-2019 കാലയളവിൽ 1 വർക്കാണ് നടന്നത്. ,ഓവർസിയർ,അക്രഡിറ്റഡ്എഞ്ചിനീയർ,അസിസ്റ്റൻറ് എൻജിനീയർ,ഡാറ്റാ എൻട്രി വർക്കേഴ്സ്,വാർഡ് മെമ്പർ,തൊഴിലുറപ്പ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ എന്നിവരെല്ലാം തന്നെ വളരെയധികം സഹായകരമായ നിലപാടാണ് സ്വീകരിച്ചത്. ഫീൽഡ് സന്ദർശനത്തിന് ഭാഗമായി കടുങ്ങാക്കുന്ന് വാർഡിൽ നിന്നും വിവരങ്ങൾ ശേഖരിക്കുമ്പോൾ മേറ്റിൽ നിന്നും,തൊഴിലുറപ്പ് തൊഴിലാളിൽ നിന്നും വളരെ നല്ല സമീപനമാണ് ലഭിച്ചത്. ഫീൽഡ് സന്ദർശന സമയത്ത് സംഘടിപ്പിച്ച തൊഴിലാളികളുടെ മീറ്റിംഗിൽ കഴിയുന്നത്ര അംഗങ്ങളുടെ സാന്നിധ്യം മേറ്റ് ഉറപ്പാക്കി തന്നു.

## തൊഴിലുറപ്പ്നിയമം തൊഴിലാളികൾക്ക് ഉറപ്പ്നൽകുന്ന പത്ത് അവകാശങ്ങൾ

1. തൊഴിൽകാർഡിനു അപേക്ഷിക്കുവാൻ ഉള്ള അവകാശം
2. അപേക്ഷിച്ച്15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശവും ആയതിന് കൈപ്പറ്റ് റസീത് ലഭിക്കുന്നതിനും ഉള്ള അവകാശം.
3. അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.ആദ്യത്തെ 30 ദിവസം (1/4 &പിന്നീടുള്ള ദിവസങ്ങളിൽ 1/2)
4. ഷെൽഫ്ഓഫ് പ്രോജകറ്റ് തയ്യാറാക്കുവാനുള്ള അവകാശം.
5. അഞ്ച് കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം അല്ലെങ്കിൽ വേതനത്തിന്റെ 10% അധികംലഭിക്കുവാനുള്ള അവകാശം
6. കുടിവെള്ളം, വിശ്രമസൗകര്യം, പ്രഥമശുശ്രൂഷ സൗകര്യം ഇവലഭിക്കുന്നതിനുള്ള അവകാശം.
7. 15 ദിവസത്തിനുള്ളിൽ വേതനംലഭിക്കുന്നതിനുള്ള അവകാശം.
8. വേതനവിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം.
9. സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം
10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം

## വട്ടംകുളം ഗ്രാമപഞ്ചായത്തിലെ 2-ാംവാർഡിലെ തൊഴിലുറപ്പ് പദ്ധതി

2-ാം വാർഡായ കടുങ്ങാകുന്നിൽ ആകെ 197 തൊഴിലാളികളാണ് തൊഴിലുറപ്പ് പദ്ധതിയിൽ ജോലിക്കായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ മുപ്പതോളം സജീവ തൊഴിലാളികൾ ഉണ്ടായിരുന്നു. പലതരത്തിലുള്ള അസുഖങ്ങളും പ്രായാധിക്യവും തൊഴിലാളികളുടെ എണ്ണം കുറയുന്നതിന് കാരണമായി. നിലവിൽ 24 തൊഴിലാളികളാണ് സജീവമായി പ്രവർത്തികളിൽ പങ്കെടുക്കുന്നത്. തൊഴിലാളികളിൽ പകുതിയിലേറെയും 50 വയസ്സിനുമുകളിൽ പ്രായമുള്ളവരാണ്. ഈ വാർഡിൽ കഴിഞ്ഞ 6-മാസത്തിനുള്ളിൽ നടപ്പിലാക്കിയ പ്രവൃത്തിയെ സംബന്ധിച്ച് വിവരങ്ങൾ ഇവിടെ വിശദീകരിക്കുന്നു.

## വർക്ക് ഫയലുകൾ

എന്ന പ്രവർത്തിയുടെ വർക്ക് ഫയൽ പരിശോധിച്ചപ്പോൾ ആനുവൽ മാസ്റ്റർ അദ്ധ്യായം 7-പ്രകാരം ഒരു വർക്ക് ഫയലിൽ ഉണ്ടായിരിക്കേണ്ട 22 രേഖകളിൽ 11 രേഖകൾ കാണുവാൻ സാധിച്ചു.

## ഫയലിൽ ലഭ്യമല്ലാത്ത രേഖകൾ

തൊഴിലിനുള്ള അപേക്ഷ, പ്രവർത്തി അനുവദിച്ചുകൊണ്ടുള്ള സാക്ഷ്യപത്രം, സാധനങ്ങൾക്ക് ടെൻഡർ വിളിച്ച വിവരങ്ങൾ,ടെൻഡർ അംഗീകരിച്ചുകൊണ്ടുള്ള ഭരണസമിതി തീരുമാനം, ജിയോ ടാഗ് ഉള്ള ഫോട്ടോകൾ,ആക്ഷൻപ്ലാൻ ,റോയൽററി സംബന്ധിച്ച രേഖകൾ,ചെക്ക് ലിസ്ട്,ആക്ഷൻ പ്ളാൻ കോപ്പി

## പദ്ധതിയുടെ നടത്തിപ്പ്തല സംവിധാനങ്ങൾ

തൊഴിലുറപ്പ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി വാർഡ് തലത്തിലുള്ള തൊഴിലാളികളും,മേററും കൂടാതെ ഗ്രാമപഞ്ചായത്ത് ഓഫീസിലെ തൊഴിലുറപ്പ് വിഭാഗത്തിലെ ജീവനക്കാരായ ഒരു അക്രെഡിറ്റഡ് എൻജിനീയറും ഓവർസിയർ,ഡാറ്റാ എൻട്രി ഓപ്പറേറ്റർ,വാർഡ് മെമ്പർ,ഇതുകൂടാതെ വാർഡിലെ ഏഴ് അംഗങ്ങളുള്ള വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവരും ഉണ്ട്.

| ക്രമനമ്പർ | പ്രവർത്തിയുടെ പേര് | പ്രവർത്തിയുടെകോഡ് |
|---|---|---|
| 1 | .ചെറുകിടകർഷകരുടെഭൂമിയിൽ മണ്ണ്,ജലം സംരക്ഷണം. ഘട്ടം 1 | IF/350499 |

## കവർപേജ്.

- കവർ പേജിൽ വർക്കിൻറെ പേര്, വർക്ക് കോഡ്, പഞ്ചായത്ത് പ്രവൃത്തി ആരംഭിച്ച തീയതി, അവസാനിച്ച തീയതി, അടങ്കൽ തുക, ഓവർസിയറുടെ ഒപ്പ്, എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.
- ജിയോ ടാഗ്, പ്രവർത്തി നടക്കുന്നതിനു മുൻപും ശേഷവും ഉള്ള പ്രവർത്തി സ്ഥലത്തിൻറെ ഫോട്ടോകൾ എന്നിവ ഉണ്ടായിരുന്നില്ല.
- കവർ പേജിൽ രേഖപ്പെടുത്തിയ എസ്റ്റിമേറ്റ് തുകയും ചെലവായ തുകയും തമ്മിൽ 1128/- വ്യത്യാസമാണ് ഉണ്ടായിരുന്നത്.

## എസ്റ്റിമേറ്റ്

- പരിശോധിച്ച ഫയലിൽ അബ്സ്ട്രാക്ററ് എസ്റ്റിമേറ്റ്,ഡീറ്റെയിൽഡ്എസ്റ്റിമേറ്റ് എന്നിവയുണ്ടായിരുന്നു.

## സാങ്കേതിക അനുമതി

- പരിശോധിച്ച ഫയലിൽ സാങ്കേതിക അനുമതിയുടെ കോപ്പി സൂക്ഷിച്ചിട്ടുണ്ട്.
- പ്രവൃത്തിയുടെ പേര്,ഭരണാനുമതി നമ്പർ,അടങ്കൽ തുക എന്നിവ രേഖപ്പെടുത്തിയിട് ഉണ്ടായിരുന്നു.
- അവിദഗ്ധ തൊഴിൽ ദിനങ്ങളുടെ എണ്ണം 1074-ലാണ് ഫയലിൽ രേഖപ്പെടുത്തിയിരുന്നത്.
- അസിസ്റ്റൻറ് എൻജിനീയർ, അഗ്രികൾച്ചറൽ ഓഫീസർ ഓവർസിയർ എന്നിവർ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒന്നിലും തീയതി രേഖപ്പെടുത്തിയതായി കണ്ടില്ല.

## ഭരണാനുമതി

- ഫയലിൽ ഭരണാനുമതിയുടെ കോപ്പി സൂക്ഷിച്ചിട്ടുണ്ട്.
- ഓർഡർ നമ്പർ,തീയതി എന്നിവ ഭരണാനുമതിയില് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്ായിരുന്നു.
- പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പും സീലും കാണുവാൻ സാധിച്ചു.

## മസ്റ്റർറോൾ

- മസ്റ്റർറോളില് പ്രവർത്തി തുടങ്ങിയ തീയതി,അവസാനിച്ച തീയതി, പ്രിൻറിംഗ് തീയതി,ടെക്നിക്കൽ സാങ്ഷൻ നമ്പർ,എം ബുക്ക് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്
- ആയുധങ്ങൾ മൂർച്ച കൂട്ടുന്നതിനുള്ള ചാർജ് ഉള്ളിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്ായിരുന്നു.
- 13-11-2018 മുതൽ 26-2-2019 വരെ മസ്റ്ററോളിൽ പലയിടങ്ങളിലായി 12 വെട്ടിതിരുത്തലുകൾ കണ്ടു.
- എ എം സി പ്രകാരം മാസ്റ്റർറോളിൽ വെട്ടിതിരുത്തലുകൾ അനുവദിക്കുന്നതല്ല.
- ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ,സെക്രട്ടറി, ഓവർസിയർ എന്നിവരുടെ ഒപ്പും സീലും കാണുവാൻ സാധിച്ചു.
- മേറ്റ് പേരും ഒപ്പും രേഖപ്പെടുത്തിയിരുന്നു എന്നാൽ ഒന്നിനും തീയതികൾ രേഖപ്പെടുത്തിയതായി കണ്ടില്ല.

## വേജ് ലിസ്റ്റ്

- പരിശോധിച്ച ഫയലിൽ വെയ്റ്റ് ലിസ്റ്റ് കാണുവാൻ സാധിച്ചു.
- വേജ് ലിസ്റ്റിലെയും മസ്ടറോൾ ഷീറ്റ് ലെയും അറ്റൻഡൻസ് വിവരങ്ങൾ ഒരുപോലെയായിരുന്നു.
- ബാങ്ക് ഡീറ്റെയിൽസ് ,ആധാർ നമ്പർ തുടങ്ങിയവ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## എഫ് ടി ഒ

- വേജ് ലിസ്ട്ൻ കൂടെ എഫ് ടി ഒ യുടെ കോപ്പികൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ടായിരുന്നു.
- അറ്റൻഡൻസിന് ആനുപാതികമായ തുക തന്നെയാണ് എല്ലാത്തിലും രേഖപ്പെടുത്തിയിട്ടുള്ളത്.

## മസ്ടറോൾ മൂവ്മെൻറ് സ്ളിപ്പ്

- ❖ പരിശോധിച്ച ഫയലിൽ മസ്റ്റർ റോൾ മൂവ്മെൻറ് സ്ളിപ്പ് ഉണ്ടായിരുന്നു.
- ❖ എല്ലാത്തിലും വർക്ക് കോഡ്, പ്രവൃത്തിയുടെ പേര് ,വർക്കിംഗ് അളവുകൾ തുടങ്ങിയവ രേഖപ്പെടുത്തിയിരുന്നു.
- ❖ എല്ലാത്തിലും മാസ്ട്രോൾ പീരീഡ് കൃത്യമായി രേഖപ്പെടുത്തിയിട്ടുണട്

## എം ബുക്ക്.

- ❖ തന്നിരിക്കുന്ന ഫയലിൽ എം-ബുക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്
- ❖ അടങ്കൽ തുക, യഥാർത്ഥ ചെലവ്,ഡിസ്പ്ലേ ബോർഡ് ചാർജ് എന്നിവ രേഖപ്പെടുത്തിയിരുന്നത്.
- ❖ ഫയലിലെ എം ബുക്കിൽ പ്രവൃത്തിയുടെ പേര്,ബുക്ക് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- ❖ എം ബുക്കിൽ സെക്രട്ടറിയുടെ ഒപ്പും സീലും ഉണ്ടായിരുന്നു

.

- ❖ ഫയലിൽ രേഖപ്പെടുത്തിയ എം ബുക്ക് പേജ് നമ്പറും യഥാർത്ഥ എം ബുക്ക് പേജ് നമ്പറും ഒരുപോലെയായിരുന്നു

.

## കണ്ടെത്തലുകൾ

- ❖ ഫയലിൽ രേഖപ്പെടുത്തിയ പ്രകാരം ആകെ ഉണ്ടായിരുന്ന തൊഴിൽദിനങ്ങൾ 1074 ആയിരുന്നു.
- ❖ ഡിസ്പ്ലേ ബോർഡിൻറെ ചാർജ് 3000/-ആണ് കാണിച്ചിരിക്കുന്നത്.
- ❖ Earth excavation 712.5 മീറ്റർ ക്യൂബ്,റെയിൻ വാട്ടർ ബണ്ട് 937 മീറ്റർ ക്യൂബ് എന്നാണ് ഫയലിൽ കാണിച്ചിരിക്കുന്നത്
- ❖ ജംഗിൾ ക്ലിയറൻസ് 2700 മീറ്റർ സ്കVയർ ആണ് രേഖപ്പെടുത്തിയിരുന്നത്.
- ❖ ഫയലിൽ പദ്ധതിയുടെ മൂല്യനിർണയ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു.എന്നാൽ അത് AMC ഫോർമാറ്റിൽ അല്ല ഉണ്ടായിരുന്നത്. പദ്ധതിയുടെ ഫോട്ടോ ഇതിലുണ്ടായിരുന്നു.
- ❖ മൂല്യനിർണയം സാക്ഷ്യപത്രത്തിൽ പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പും സീലും ഉണ്ടായിരുന്നു

## CIB-യെ കുറിച്ചുള്ള വിവരങ്ങൾ

- വാർഷിക മാസ്റ്റർ സർക്കുലർ അദ്ധ്യായം 10.6,11.7,13- തൊഴിലുറപ്പു നിയമത്തിലെ ഷെഡ്യൂൾ 2 ചാപ്റ്റർ 22.4 എന്നിവ പ്രകാരം പ്രവൃത്തി സ്ഥലത്ത് സിറ്റിസൺ ബോർഡ് നിർബന്ധമായും സ്ഥാപിക്കണം എന്ന് പറയുന്നു.
- IF/350499 എന്ന പദ്ധതിയുടെ പ്രവർത്തി സ്ഥലത്ത് CIB ബോർഡ് സ്ഥാപിച്ചിട്ടുണ്ട്
- CIB ബോർഡിന് ചിലവാക്കിയ തുക 3000 രൂപയാണ് എന്നാൽ പ്രവർത്തി സ്ഥലം സന്ദർശിച്ചപ്പോൾ സി ഐ ബി ബോർഡ് കാടുപിടിച്ച് കിടക്കുകയായിരുന്നു.

## അവകാശ നിഷേധങ്ങൾ

### <u>തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ.</u>

- തൊഴിലുറപ്പു നിയമത്തിലെ ഷെഡ്യൂൾ 2 അദ്ധ്യായം 23 വാർഷിക മാസ്റ്റർ സർക്കുലറിലെ അധ്യായം 8-8.2 പ്രകാരം പ്രവർത്തി സ്ഥലത്ത് വേണ്ടതായ അടിസ്ഥാന സൗകര്യങ്ങളായ പ്രഥമശുശ്രൂഷ കിറ്റ്, കുടിവെള്ളം ,തണൽ സൗകര്യം,സുരക്ഷാ ഉപകരണങ്ങൾ എന്നിവ ലഭിക്കുക എന്നത് ബന്ധപ്പെട്ട സ്ഥാപനത്തിൻറെ (പഞ്ചായത്ത്)ഉത്തരവാദിത്വമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ പ്രഥമശുശ്രൂഷ കിററുകളുടെ അഭാവമാണ് തൊഴിലാളികൾ നേരിടുന്ന വലിയ പ്രശ്നം എന്ന് അറിയാൻ കഴിഞ്ഞു.
- മണ്ണിലും ചെളിയിലും ഇറങ്ങുമ്പോൾ ഉപയോഗിക്കുന്ന ബൂട്ട്, ഗ്ലൗസ് എന്നിവ ഉപയോഗശൂന്യമായിരിക്കുന്നു എന്നാണ് മിക്ക തൊഴിലാളികളും പറയുന്നത്.
- പ്രവർത്തി നടക്കുന്ന സമയത്ത് എന്തെങ്കിലും അപകടങ്ങൾ സംഭവിച്ചാൽ സ്വന്തം കയ്യിൽ നിന്നും പിരിച്ചെടുക്കുന്ന പണമാണ് മരുന്നുകൾ വാങ്ങാൻ ഉപയോഗിക്കുന്നത്.
- വേനൽക്കാലത്ത് തണൽ നൽകുന്ന ടാർപോളിൻ ഷീറ്റുകൾ ലഭ്യമായിട്ടില്ല. തങ്ങളുടെ കൂട്ടത്തിൽ പണിയെടുക്കുന്ന മിക്കവരും 50 വയസ്സിനുമുകളിൽ പ്രായമുള്ളവരാണ്. അതിനാൽ ഇത്തരം സൗകര്യങ്ങൾ നൽകുന്നതിൽ ഉടൻ നടപടി ഉണ്ടാവണം എന്ന് എല്ലാ തൊഴിലാളികളും ആവശ്യപ്പെടുന്നു.
- First aid box,മറ്റ് സുരക്ഷാ ഉപകരണങ്ങൾ എന്നിവ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് നൽകാൻ അപേക്ഷിച്ചിരുന്നു എങ്കിലും ഇതുവരെയും ഒരു തരത്തിലുള്ള നടപടികളും സ്വീകരിച്ചിട്ടില്ലെന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

## വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി

ഒരു വാർഡിൽ 7 അംഗങ്ങൾ ഉൾപ്പെടുന്ന വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി ആണ് വേണ്ടത്. വാർഡ് മെമ്പർ,പാടശേഖര സമിതി അംഗങ്ങൾ,തൊഴിലാളികൾ എന്നിവർ ഇതിൽ ഉൾപ്പെടുന്നു. എന്നാൽ നിലവിൽ 5- അംഗങ്ങളാണ് കമ്മിറ്റിയിൽ ഉള്ളത്. പദ്ധതി ആരംഭ മീറ്റിംഗിൽ ഇവർ പങ്കെടുക്കാറുണ്ട് എന്നും പ്രവർത്തി സ്ഥലത്ത് പരിശോധന നടത്താറുണ്ടെന്നും അറിയാൻ സാധിച്ചു. തൊഴിലുറപ്പ് നിയമപ്രകാരം ഓരോ ആറുമാസ കാലയളവിലും വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളെ പുതുതായി തെരഞ്ഞെടുക്കേണ്ടത് ആയിട്ടുണ്ട്. എന്നാൽ നിലവിൽ പദ്ധതി ആരംഭിച്ച സമയത്ത് രൂപീകരിച്ച കമ്മിറ്റി തന്നെയാണ് ഇപ്പോഴും പ്രവർത്തിക്കുന്നത് എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്.

## പരാതി പരിഹാര സംവിധാനം.

- തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഏതുതരത്തിൽ ഉണ്ടാകുന്ന പരാതികളും രേഖപ്പെടുത്തുന്നതിനായി പഞ്ചായത്തിൽ പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. ഇതോടൊപ്പം ഏതൊരാൾക്കും ഇതു സംബന്ധിച്ച സംസ്ഥാനതലത്തിലും ടോൾഫ്രീ നമ്പർ(180042510 04) ലഭ്യമാക്കിയിട്ടുണ്ട്.

## നിരീക്ഷണങ്ങൾ

### <u>മേറ്റിനെ സംബന്ധിച്ച നിരീക്ഷണങ്ങൾ</u>

- പ്രവർത്തികൾക്ക് മേൽനോട്ടം വഹിക്കുന്നത് ADS- വിജിത യാണ്. തൊഴിലുറപ്പ് തൊഴിലാളികളുടെ അഭിപ്രായങ്ങളിൽ നിന്നും വളരെ അധികം സത്യസന്ധത പുലർത്തുന്ന ആളാണ് എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്.
- തങ്ങളുടെ കൂട്ടത്തിൽ പകുതിയിലേറെപ്പേരും 50 വയസ്സിനു മുകളിൽ പ്രായമുള്ളവർ ആണെന്നും അവർക്ക് അനുയോജ്യമായ പ്രവർത്തികൾ പഞ്ചായത്തിൽ നിന്നും തരണമെന്നും ADS അഭ്യർത്ഥിച്ചു.
- പരാതി കൊടുക്കുന്ന രീതിയെക്കുറിച്ചും പ്രവർത്തിയുടെ പണം അക്കൗണ്ടിലേക്ക് വന്നില്ലെങ്കിൽ ചെയ്യേണ്ട കാര്യങ്ങളെ കുറിച്ചും അവർക്ക് വേണ്ടത്ര പരിജ്ഞാനം ഇല്ലെന്നു തോന്നി.
- പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി മേറ്റ്മാർക്ക് പ്രാഥമിക പരിജ്ഞാനം നൽകാൻ പഞ്ചായത്തിനു കഴിഞ്ഞാൽ അത് വാർഡിന്റെ വികസന പ്രവർത്തനങ്ങളെ നല്ല രീതിയിൽ സ്വാധീനിക്കും.

## തൊഴിൽകാർഡ് പരിശോധനതൊഴിലാളികളുമായി സംസാരിച്ച തിൽ നിന്നും മനസ്സിലാക്കിയ വസ്തുതകൾ

- കടുങ്ങാക്കുന്ന് വാർഡിൽ 197 പേരാണ് തൊഴിൽ കാർഡിന് അപേകഷിച്ചിട്ടുള്ളത്.ഇതിൽ 26 സജീവ തൊഴിലാളികളാണ് ഉള്ളത്. അവരുടെ തൊഴിൽ കാർഡും ബാങ്ക് പാസ് ബുക്കും പരിശോധനയ്ക്ക് വിധേയമാക്കി. തൊഴിൽകാർഡ് തൊഴിലാളികൾ തന്നെയാണ് സൂക്ഷിക്കുന്നത്.
- തൊഴിൽ കാർഡിന് പുറകിൽ രേഖപ്പെടുത്തിയിട്ടുള്ള 10 അവകാശങ്ങളെക്കുറിച്ച് അവർക്കെല്ലാം അറിയാമായിരുന്നു.
- തൊഴിലാളികളിൽ ആരുംതന്നെ 5-കിലോമീറ്ററിലധികം പോയി ജോലി ചെയ്യുന്നില്ല.
- ഓരോ പ്രവൃത്തി തുടങ്ങുന്നതിനു മുമ്പും തൊഴിലാളികളെല്ലാം ചേർന്ന് മീറ്റിംഗ് സംഘടിപ്പിക്കാറുണ്ട്. ഇത് മാതൃകാപരമായ കാര്യമാണ്.
- പ്രവർത്തികൾ അധികവും തൊഴിലാളികൾ തന്നെയാണ് കണ്ടെത്തി കൊടുക്കാറുള്ളത്
- തൊഴിൽ കാർഡുകളിൽ തൊഴിലാളികളുടെ ഹാജർ വിവരങ്ങൾ, മസ്റ്റർറോൾ നമ്പർ,ലഭിച്ച വേതനം എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- ആയുധങ്ങൾ മൂർച്ച കൂട്ടുന്നതിനുള്ള ചാർജ് പരിശോധിച്ച കാർഡുകളിൽ ഒന്നും കാണാൻ കഴിഞ്ഞില്ല.

- വീടുകളിൽ പ്രവർത്തി എടുക്കുന്നതിന് തൊഴിൽ കാർഡ് നിർബന്ധമാണ് എന്ന നിബന്ധന ഉള്ളതിനാൽ മാത്രം ചില തൊഴിലാളികൾ കാർഡ് എടുത്തിട്ടുണ്ട് എന്നാണ് കാർഡ് പരിശോധനയിൽ നിന്നും വ്യക്തമായത്.
- പുതിയ തൊഴിൽ കാർഡ് എടുക്കുന്നതിനുള്ള ഫോട്ടോയുടെ ചെലവ് ഏകദേശം 100 രൂപ തൊഴിലാളികൾ തന്നെയാണ് കൊടുത്തിരിക്കുന്നത് എന്നാൽ അത് പഞ്ചായത്തിൻറെ ഉത്തരവാദിത്വമാണ്.

## പ്രവർത്തികളുടെ തെരഞ്ഞെടുപ്പ്,നടപ്പിലാക്കൽ സംബന്ധിച്ചുള്ള നിരീക്ഷണങ്ങൾ

- ❖ വാർഡിലെ ഓഡിറ്റിംഗ് പ്രക്രിയയ്ക്ക് വിധേയമാക്കിയ ചെറുകിട കർഷകരുടെ ഭൂമിയിൽ മണ്ണ്,ജല സംരക്ഷണം എന്നപ്രവർത്തി സ്വകാര്യവ്യക്തികൾക്ക് ഏറെ സഹായകമായി.
- ❖ സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ പ്രവർത്തികൾ നടക്കുമ്പോൾ ഉടമസ്ഥരും കൂടി പണിക്ക് ഇറങ്ങണം എന്ന നിയമം ഉണ്ടെങ്കിലും അത് പാലിക്കപ്പെട്ടിട്ടില്ല എന്നാണ് ഗുണഭോക്താക്കളുമായി സംസാരിച്ചപ്പോൾ മനസ്സിലായത്
- ❖ പദ്ധതിയുടെ നടത്തിപ്പിൽ ഗുണഭോക്താക്കൾ തങ്ങളുടെ കയ്യിൽ നിന്നും വിഹിതം ചെലവഴിച്ചിട്ടില്ല.
- ❖ വാർഡിൽ 26 സജീവ തൊഴിലാളികളാണ് നിലവിലുള്ളത് തങ്ങൾക്ക് പ്രവർത്തി ലഭിക്കാൻ കാലതാമസം ഉണ്ടാവാറില്ല എന്നും അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭ്യമാകുന്നുണ്ട് എന്നും അവർ അഭിപ്രായപ്പെട്ടു.
- ❖ തൊഴിലാളികളിൽ അധികവും 50 വയസ്സിനുമുകളിൽ പ്രായമുള്ളവരാണ്. അവർക്ക് ചെയ്യാൻ കഴിയുന്ന തരത്തിലുള്ള പ്രവർത്തികൾ ഉൾപ്പെടുത്തണം എന്ന് തൊഴിലാളികൾ അഭ്യർത്ഥിച്ചു.
- ❖ 2008 -തൊഴിലുറപ്പുപദ്ധതി തുടങ്ങിയപ്പോൾ ഉപയോഗിച്ചിരുന്ന ആയുധങ്ങൾ ആണ് ഇപ്പോഴും ഉപയോഗിക്കുന്നത് അതിൽ തന്നെ തങ്ങൾ കൊണ്ടുപോകുന്ന ആയുധങ്ങൾക്ക് മൂർച്ച കൂട്ടുന്നതിനുള്ള ചാർജ് ലഭിക്കുന്നില്ല എന്ന് തൊഴിലാളികൾ പരാതി പറഞ്ഞു.
- ❖ ഓരോ പ്രവർത്തി തുടങ്ങുന്നതിനു മുൻപും തങ്ങൾ മീറ്റിംഗ് സംഘടിപ്പിക്കാറുണ്ട് എന്നും അത് പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് സഹായകമാകുന്നുണ്ട് എന്നും തൊഴിലാളികൾ പറഞ്ഞു.

## പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് സ്ഥല പരിശോധനയിൽ മനസ്സിലാക്കാൻ കഴിഞ്ഞ കാര്യങ്ങൾ

- ❖ പൊതു ആസ്തികളുടെ വികസനത്തിനും സംരക്ഷണത്തിനും വേണ്ടി ചെയ്ത പ്രവർത്തിയായ ചെറുകിട കർഷകരുടെ ഭൂമിയിൽ മണ്ണ്,ജല സംരക്ഷണം മാതൃകാപരമായ ഒരു പ്രവർത്തിയാണ്
- ❖ വ്യക്തിഗത ഗുണഭോക്താക്കൾ പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം കൂടി ചെലവഴിച്ചത് ആസ്തികൾ മെച്ചപ്പെടുത്തുവാൻ സഹായിച്ചിട്ടുണ്ട്.
- ❖ IF/350499 എന്ന പദ്ധതി നടത്തിയിരിക്കുന്നത് 7 വീടുകളിൽ ആയിട്ടാണ്.

- ഗുണഭോക്താക്കൾ എല്ലാം APL വിഭാഗത്തിൽ പെടുന്നവരാണ്.
- കാടുവെട്ടിത്തെളിച്ചത് അളന്നു നോക്കിയപ്പോൾ കിട്ടിയത് 2400 മീറ്റർ സ്ക്വയർ ആണ്.
- 54 എർത്ത് ബണ്ടുകൾ ആണ് എണ്ണിത്തിട്ടപ്പെടുത്താൻ കഴിഞ്ഞത്.
- മഴകുഴികളിൽ അധികവും മണ്ണിട്ടു മൂടി ചെടികൾ നട്ടിരുന്നു.
- പദ്ധതി നടത്തിയ പ്രദേശങ്ങൾ ആകെ പകാട് മൂടിക്കിടക്കുന്ന അവസ്ഥയിലാണ് ഇപ്പോൾ കാണാൻ കഴിയുന്നത്.
- പ്രവർത്തി സ്ഥലത്ത് സന്ദർശനത്തിനു പോയപ്പോൾ കാലുകളിൽ ചാക്കുകൊണ്ട് കെട്ടി ഉണ്ടാക്കിയ കാലുറകൾ ധരിച്ച് പണി ചെയ്യുന്ന തൊഴിലാളികളെ കാണുകയും ബൂടിനെയും glouse യും ആവശ്യകതയെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്തു.

## പ്രവർത്തിയുടെ ഗുണമേന്മ സംബന്ധിച്ച നിരീക്ഷണങ്ങൾ

പദ്ധതിയെ കുറിച്ച് വളരെ നല്ല അഭിപ്രായമാണ് ഗുണഭോക്താക്കൾ പറഞ്ഞത്.പദ്ധതിയെ കുറിച്ച് ആരും ഒരു പരാതിയും ഉന്നയിച്ചിട്ടില്ല.എന്നാൽ പദ്ധതിയുടെ ഉദ്ദേശം മഴക്കുഴി നിർമ്മാണവും എർത്ത് എക്സ്സാവേഷനുമായിരുന്നു. പദ്ധതി സ്ഥലം സന്ദർശിച്ചപ്പോൾ മഴക്കുഴികൾ പലതും മൂടിയതായിട്ടാണ് കണ്ടത്. പല കുഴികളിലും വൃക്ഷത്തൈ,തെങ്ങ് ,കവുങ്ങ് തുടങ്ങിയ വച്ച് പിടിപ്പിച്ചിരുന്നു. മഴക്കുഴി വെട്ടുന്നതിലൂടെയും സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിലൂടെയും നടന്നത് മണ്ണ്,ജലം എന്നിവയുടെ സംരക്ഷണമാണ് മാത്രമല്ല പദ്ധതി നടന്നു കഴിഞ്ഞിട്ട് ഏകദേശം ഒരു വർഷംത്തോളമായി (6/11/2018) അതുകൊണ്ടുതന്നെ പദ്ധതിയുടെ ഗുണമേന്മ ഇപ്പോൾ അളന്നു തിട്ടപ്പെടുത്താൻ കഴിയില്ല.

**പുതിയ പ്രവർത്തികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ അഭിപ്രായങ്ങൾ/നിരീക്ഷണങ്ങൾ**

- കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കായലുകളുടെയും കുളത്തിനും സംരക്ഷണം സ്കൂളിനോടും പൊതുസ്ഥാപനങ്ങളോടും ചേർന്നുള്ള കിണർ നിർമ്മാണം എന്നിവ പദ്ധതികൾ ഉൾപ്പെടുത്താവുന്നതാണ്.
- 50 വയസ്സു കഴിഞ്ഞ വരെയും വൃദ്ധരായ തൊഴിലാളികളെയും പരിഗണിച്ചുകൊണ്ടുള്ള ഒരു തൊഴിൽ രീതിയാവണം നടപ്പാക്കേണ്ടത്
- ബണ്ട് ,തടയണ എന്നിവ പോലുള്ള പ്രവർത്തനങ്ങൾ മാർച്ച് മാസത്തിൽ മുൻപായി നൽകുകയാണെങ്കിൽ ഒരുപാട് പേർക്ക് കൂടുതൽ തൊഴിൽ ദിവസങ്ങൾ ലഭിക്കും

**<u>ഓഡിറ്റ് ടീം</u>**

**സുബീഷ് .ഇ പി.**
**രാജിത. കെ.**

## അനുബന്ധം

പ്രവൃത്തി സ്ഥലത്ത് സൗകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടിയുള്ള തൊഴിലാളികളുടെ അപേക്ഷ.

14/10/19

കടുങ്ങാംകുന്ന്

വട്ടംകുളം ഗ്രാമപഞ്ചായത്ത് വാർഡ് – 2

കടുങ്ങാംകുന്നിലെ തൊഴിലുറപ്പ് തൊഴിലാളികളായ ഞങ്ങൾക്ക് പ്രഥമശുശ്രൂഷകിറ്റ്, ഗ്ലൗസ്, ബൂട്ട് എന്നിവ അനുവദിക്കണമെന്നും, 50-വയസിനുമുകളിൽ പ്രായമുള്ളവർക്ക് ചെയ്യാൻ കഴിയുന്ന തരത്തിലുള്ള പ്രവൃത്തികൾ പദ്ധതിയിൽ ഉൾപ്പെടുത്തി തരണമെന്നും വിനീതമായി അപേക്ഷിക്കുന്നു.

എന്ന്,
കടുങ്ങാംകുന്ന് വാർഡിലെ തൊഴിലുറപ്പ് തൊഴിലാളികൾ

1 വിജില. K.P
2 ബിന്ദു. K.P
3. ഷൈമ. K.V
4 ജാനകി
5 വസന്ത
6 സുജാത.
7 സ്വപ്ന
8 [illegible]
9 സുലോചന 3113.

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്

2018-19 സാമ്പത്തിക വർഷത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലുറപ്പ് നിയമ പ്രകാരം നടപ്പിലാക്കേണ്ട സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 18/10/2019 വെള്ളിയാഴ്ച ഉച്ചക്ക് 2:30 വട്ടംകുളം ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡ് കടുങ്ങാകുന്ന് മദ്രസയിൽ വെച്ച് ചേർന്നു. 28 തൊഴിലാളികൾ,AE അനുഷ,വാർഡ് മെമ്പർ ജമീല, BRP അഞ്ചു എന്നിവർ ഗ്രാമ സഭയിൽ പങ്കെടുത്തു. ബിന്ദു എന്ന തൊഴിലാളിയെ അധ്യക്ഷ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു.ശേഷം വാർഡ് മെമ്പർ എല്ലാവരെയും ഗ്രാമസഭയിലെക്കു സ്വാഗതം ചെയ്തു.VRP രാജിത അധ്യക്ഷന്റെ അനുവാദത്തോടെ റിപ്പോർട്ട് അവതരിപ്പിച്ചു.

## <u>തീരുമാനങ്ങൾ</u>

- ഫസ്റ്റ് എയ്ഡ്, കയ്യുറ,കാലുറ തുടങ്ങിയവയുടെ അപര്യപ്തത പരിഹരിക്കുവാൻ തീരുമാനമായി
- വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റിയിൽ പുതിയത് രൂപീകരിക്കാൻ നിർദേശിച്ചു.
- ആദായകരമായ പ്രവർത്തികൾ കൂടി പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദേശിച്ചു.
- ഏതൊരു പ്രവർത്തി ചെയ്യുമ്പോഴു CIB ബോർഡ് നിർബന്ധമായി സ്ഥാപിക്കാൻ തീരുമാനിച്ചു
- കിണറ്റിൽ ഇറങ്ങി വർക്ക്(ഹാർഡ് വർക്ക് ) ചെയ്യുന്ന തൊഴിലാളികളെ സ്കിൽഡ് വർക്കർ വിഭാഗത്തിൽ ഉൾപ്പെടുത്താൻ തീരുമാനമായി.
- തൊഴിൽ സ്ഥലത്തു ജനകീയ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ തീരുമാനമായി
- വർക്ക് സൈറ്റിൽ വെച്ചു അപകടം സംഭവിച്ചാൽ മെഡിക്കൽ ക്ലെയിം കിട്ടാൻ എല്ലാം രേഖകളും ഹാജരാക്കിയാൽ ക്ലെയിം പെട്ടന്ന് ശരിയാക്കി തരാം എന്നു ഉറപ്പു നൽകി.

തുടർന്ന് തീരുമാനങ്ങൾ അധ്യക്ഷ അംഗീകരിക്കുകയും ഗ്രാമസഭ കൈയ്യടിച്ചു പാസാക്കുകയും ചെയ്തു. മേറ്റ് വിജിതയുടെ നന്ദി പ്രസംഗത്തോടുകൂടി അഞ്ചുമണിക്ക് അധ്യക്ഷ യോഗം പിരിച്ചുവിട്ടു.